# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1252 03.12.2018 ൽ മറുപടിക്ക്

### റാന്നി -ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി -ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും പദ്ധതി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ; | (എ) റാന്നി ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം ആരംഭിച്ചത് - 10/10/2014-ൽ.<br>പദ്ധതിക്കായി അനുവദിച്ച തുക - 15,45,62,654/-<br>പൂർത്തീകരിക്കേണ്ട തീയതി - 09/10/2016<br>ആദ്യത്തെ നിർമ്മാണ കാലയളവ് നീട്ടി നൽകിയത് - 08/03/2018 വരെ<br>രണ്ടാമത്തെ നിർമ്മാണ കാലയളവ് നീട്ടി നൽകിയത് - 31/10/2018 വരെ |
| (ബി) ഇതുവരെ പൂർത്തീകരിച്ചിട്ടുള്ള നിർമ്മാണങ്ങൾ എന്തൊക്കെയെന്നും നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | (ബി) സ്ഥലം നികത്തുന്നതിനുള്ള മണ്ണുപണിയുടെ 80 ശതമാനവും പൈലിംഗ് ജോലികളുടെ 48 ശതമാനവുമാണ് ഇതുവരെ പൂർത്തീകരിച്ചത്. റാന്നി പിൽഗ്രിം സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ലഭ്യമാക്കുന്നതിന് കരാറുകാരനുണ്ടായ വീഴ്ചയാണ് നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കിയത്. |
| (സി) നിർമ്മാണം ത്വരിതഗതിയിലാക്കി കെട്ടിടം പണി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) 14/11/2018-ൽ ബഹു.റാന്നി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാന പ്രകാരം പ്രവ്യത്തിയുടെ പുരോഗതി 15 ദിവസം കൂടി നിരീക്ഷിച്ച ശേഷം പണിയിൽ പുരോഗതി ഇല്ലെങ്കിൽ കരാറുകാരന് എതിരെ നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ